# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 21

## വാർത്താക്കുറിപ്പ്

---

### സപ്ലിമെന്ററി അലോട്മെന്റ് പ്രവേശനം നാളെ (ഒക്ടോബർ 23) വൈകീട്ട് നാലുവരെ

മഹാത്മാഗാന്ധി സർവകലാശാല ബിരുദ പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്മെന്റിൽ സീറ്റ് ലഭിച്ച അപേക്ഷകർ സർവകലാശാല ഫീസ് ഓൺലൈനായി അടച്ച് ഒക്ടോബർ 23ന് വൈകീട്ട് നാലിന് മുൻപായി അലോട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. നിശ്ചിതസമയത്തിനകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാകും. നിലവിൽ മുൻ അലോട് മെന്റുകളിലോ മറ്റ് ക്വാട്ടകളിലോ പ്രവേശനം നേടിയിട്ടുള്ളവർ സപ്ലിമെന്ററി അലോട്മെന്റിൽ അപേക്ഷിക്കുകയും അലോട് മെന്റ് ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഇത്തരക്കാരുടെ നിലവിലെ പ്രവേശനം റദ്ദായിട്ടുള്ളതായതുകൊണ്ട് ഇവർ നിർബന്ധമായും സപ്ലിമെന്ററി അലോട്മെന്റിൽ അലോട് ചെയ്ത കോളേജിൽ പ്രവേശനമെടുക്കണം. പ്രിൻസിപ്പൽമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതും വിദ്യാർഥികൾക്ക് അറിയിപ്പ് നൽകുകയും വേണം.

(പി.ആർ.ഒ/39/1142/2021)

### അപേക്ഷ തീയതി നീട്ടി

നാലാം സെമസ്റ്റർ സി.ബി.സി.എസ്. സൈബർ ഫോറൻസിക് (2019 അഡ്മിഷൻ റഗുലർ) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ഒക്ടോബർ 27 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 28 നും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 29 നും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1143/2021)

### അപേക്ഷ തീയതി

നാലാം സെമസ്റ്റർ എം.എ. (പ്രിന്റ് ആന്റ് ഇലക്ട്രോണിക്സ് ജേർണലിസം - 2019 അഡ്മിഷൻ - റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രൊജക്ട് മൂല്യനിർണയം, വൈവാവോസി പരീക്ഷയ്ക്ക് പിഴയില്ലാതെ ഒക്ടോബർ 27 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 28 നും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 29 നും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1144/2021)

അഞ്ചാം സെമസ്റ്റർ എം.സി.എ. പരീക്ഷ (2018 അഡ്മിഷൻ - റഗുലർ, 2017 അഡ്മിഷൻ - സപ്ലിമെന്ററി, ലാറ്ററൽ എൻട്രി 2019 അഡ്മിഷൻ - റഗുലർ/ 2017 അഡ്മിഷൻ - സ്പെഷൽ ബാച്ച്/ 2018 അഡ്മിഷൻ - സപ്ലിമെന്ററി), അഞ്ചാം സെമസ്റ്റർ എം.സി.എ. സപ്ലിമെന്ററി 2015 അഡ്മിഷൻ (അഫിലിയേറ്റഡ് കോളേജുകൾ, സി.പി.എ.എസ്), 2016 അഡ്മിഷൻ - അഫിലിയേറ്റഡ് കോളേജുകൾ, 2014 അഡ്മിഷൻ - മേഴ്സി ചാൻസ്, ഒഴിവുള്ള സീറ്റുകളിലേക്കുള്ള ലാറ്ററൽ എൻട്രി സപ്ലിമെന്ററി - 2017 അഡ്മിഷൻ, 2016 അഡ്മിഷൻ (അഫിലിയേറ്റഡ് കോളേജുകൾ, സി.പി.എ.എസ്.), 2015 അഡ്മിഷൻ മേഴ്സി ചാൻസ് പരീക്ഷകൾക്കുള്ള അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 27 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 28നും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 29 നും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും മറ്റുള്ളവർ പേപ്പറൊന്നിന് 45 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി അടയ്ക്കണം. മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ 5250 രൂപ സ്പെഷൽ ഫീസും അടയ്ക്കണം.

(പി.ആർ.ഒ/39/1145/2021)

### സീറ്റൊഴിവ്

സ്റ്റഡീസ് ആന്റ് ആക്ഷൻ എന്ന കോഴ്സിൽ എസ്.സി. വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റിൽ ഒരു ഒഴിവുണ്ട്. താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 22, 25 തീയതികളിൽ രാവിലെ 11.30ന് പഠനവകുപ്പിൽ ഹാജരാകണം. മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ച ബിരുദമാണ് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത. വിശദവിവരം 0481-2731034 എന്ന ഫോൺ നമ്പറുകളിലും www.sobs.mgu.ac.in എന്ന വെബ് സൈറ്റിലും ലഭിക്കും.

(പി.ആർ.ഒ/39/1146/2021)

## എക്സ്റ്റേണൽ പരീക്ഷ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ നാലാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.) 2019-21 എക്സ്റ്റേണൽ പരീക്ഷകൾ ഒക്ടോബർ 29 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 27 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 28 നും അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1147/2021)

## സ്പോട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ 2021-22 അധ്യയന വർഷത്തിലെ ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ് എന്നീ വിഷയങ്ങളിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് ഒക്ടോബർ 26ന് സ്പോട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യരായ വിദ്യാർഥികൾ യോഗ്യത സർട്ടിഫിക്കറ്റുകളുമായി വൈകീട്ട് നാലിനകം പഠനവകുപ്പ് ഓഫീസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731039, 9447588931.

(പി.ആർ.ഒ/39/1148/2021)

## പരീക്ഷഫലം

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. എൻവയൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (സി.എസ്.എസ്.) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1149/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. എൻവയൺമെന്റൽ സയൻസ് ആന്റ് മാനേജ് മെന്റ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1150/2021)

2021 മാർച്ചിൽ നടന്ന രണ്ടാം വർഷ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ മൈക്രോബയോളജി (നോൺ സി.എസ്.എസ്.) റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ രണ്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1151/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 21

# വാർത്താക്കുറിപ്പ് - 2

## എം.ജി. സെനറ്റ്: വിദ്യാർഥി പ്രതിനിധികൾ

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലേക്കുള്ള വിദ്യാർഥികളുടെ പ്രതിനിധികളായി ബിരുദാനന്തര ബിരുദ വിഭാഗത്തിൽ നിന്നും മുഹമ്മദ് അബ്ബാസ് എസ്., ഗവേഷണ വിഭാഗത്തിൽനിന്നും നവീൻ കെ. ഫ്രാൻസിസ്, പ്രൊഫഷണൽ കോളേജ് വിഭാഗത്തിൽ നിന്നും അശ്വിൻ അനിൽ, വിദ്യാർഥിനി പ്രതിനിധികളായി അജ്മില ഷാൻ, ആദിത്യ ആർ., ഐശ്വര്യ ടി.എസ്., അലീഷ ചാന്ദ്നി, ഗായത്രി എം. രാജു, പട്ടിക വിഭാഗം വിദ്യാർഥി പ്രതിനിധിയായി സൂരജ് എൻ.എസ്., പട്ടിക വർഗ വിഭാഗ വിദ്യാർഥി പ്രതിനിധിയായി ജിതിൻ കെ.ജെ., ജനറൽ വിഭാഗം വിദ്യാർഥി പ്രതിനിധികളായി ആദർശ് സുരേന്ദ്രൻ, അർഷൊ പി.എം., ജയ്സൺ ജോസഫ് സാജൻ, യദുകൃഷ്ണൻ പി.എസ്., ശ്രീജിത് രമേഷ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടതായി റിട്ടേണിംഗ് ഓഫീസർകൂടിയായ ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ (2) എൻ.കെ. അശോകൻ അറിയിച്ചു.

(പി.ആർ.ഒ/39/1152/2021)

## വിദ്യാർഥി കൗൺസിൽ പ്രതിനിധികൾ

മഹാത്മാഗാന്ധി സർവകലാശാല വിദ്യാർഥി കൗൺസിലിലേക്ക് ജനറൽ വിഭാഗത്തിൽനിന്ന് പി.കെ. വിവേക്, വിഘ്നേഷ് പി.എസ്., അനന്തു വിജയൻ, ടിൻേറ്റാ വിൻസെന്റ്, ഡെൻവിൽ കെ. വർഗീസ്, അഭിഷേക് വിജയൻ, ടോണി കര്യാക്കോസ്, മണികണ്ഠൻ ആർ. എന്നിവരെയും വിദ്യാർഥിനി പ്രതിനിധികളായി ഗ്രീഷ്മ വിജയ്, അരുന്ധതി ഗിരി വി., സ്റ്റെനി മേരി എബ്രഹാം, അനഘ ബി., കാവ്യശ്രീ പി.എസ്. എന്നിവരും തെരഞ്ഞെടുക്കപ്പെട്ടതായി റിട്ടേണിംഗ് ഓഫീസർകൂടിയായ ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ (2) എൻ.കെ. അശോകൻ അറിയിച്ചു.

(പി.ആർ.ഒ/39/1153/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

(തെരഞ്ഞെടുപ്പ് ഫലം സംബന്ധിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)